(ഡി) അനധികൃതമണൽവാരൽ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുവാൻ റവന്യൂ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. ചില ജില്ലകളിൽ ഇതിനായി പ്രത്യേകം വിജിലൻസ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. അനധികൃതമായി മണൽ നീക്കം ചെയ്യുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് പ്രോസിക്യൂഷൻ നടപടിക്ക് വിധേയമാക്കുന്നുണ്ട്.

കണ്ണൻദേവൻ കമ്പനിയുടെ കൈവശമുള്ള അനധികൃത ഭൂമി

145 (892) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൻദേവൻ കമ്പനി അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഹെക്ടർ ഭൂമിയാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭൂമി കണ്ണൻദേവൻ കമ്പനിയിൽ നിന്നും തിരിച്ചു പിടിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

ഉത്തരം

(എ&ബി) റീ സർവ്വേ നടപടി പൂർത്തിയാക്കിയാൽ മാത്രമേ അനധികൃത ഭൂമി കൈവശമുണ്ടോ എന്നറിയാൻ കഴിയുകയുള്ളു.

പേര്യ മരംമുറി സംബന്ധിച്ച റിപ്പോർട്ട്

146 (894) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേര്യ മരംമുറി സംബന്ധിച്ച് റവന്യൂ സെക്രട്ടറിയായിരുന്ന ജിജി തോംസൺ അദ്ദേഹത്തിന്റെ അന്തിമ റിപ്പോർട്ട് ;

(ബി) പ്രസ്തുത റിപ്പോർട്ട് കോടതിയിൽ ഹാജരാക്കണമെന്ന് സംസ്ഥാന ഹൈക്കോടതി ആവശ്യപ്പെട്ടത് എന്നാണ് ;

(സി) ഈ റിപ്പോർട്ട് എന്നാണ് കോടതിയിൽ സമർപ്പിച്ചത് ;

(ഡി) മേൽപ്പറഞ്ഞ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാനുള്ള കാലതാമസത്തിന് കാരണമെന്താണ് ;

(ഇ) ജിജി തോംസന്റെ അന്തിമ റിപ്പോർട്ടനുസരിച്ച് പേര്യയിൽ നിന്ന് എന്തു തുകയ്ക്കുള്ള മരം വെട്ടിയതായാണ് കണക്കാക്കുന്നത് ;

(എഫ്) ഇത് സംബന്ധിച്ച കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) 20-6-2000-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 12-10-2000-ൽ.

(സി) 27-10-2000-ൽ.

(ഡി) കാലതാമസം ഇല്ല.

(ഇ) വനംവകുപ്പിന്റെ കണക്കനുസരിച്ച് ഒരു കോടി ഇരുപതുലക്ഷം രൂപയുടെ മരംമുറിച്ചതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(എഫ്) കേസ് കോടതി വാദം കേൾക്കുന്നതിന് വെച്ചിരിക്കുന്നു.

മത്സ്യകൃഷി

147 (896) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശുദ്ധജല, ഓരുജല മത്സ്യകൃഷി വ്യാപിക്കുന്നതിന് പുതിയ എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) മത്സ്യവിത്തുൽപ്പാദന വിതരണ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അവ എവിടെയൊക്കെയാണെന്നും അവയുടെ പ്രവർത്തന രീതികളും പുരോഗതിയും എന്താണെന്നും വിശദമാക്കാമോ ;

(ഇ) ജനകീയ മത്സ്യകൃഷി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷമായി നടപ്പാക്കിവരുന്ന ജനകീയ മത്സ്യ കൃഷി പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പരിപാടിയാണ് മത്സ്യവിത്തുവളർത്തൽ (ഫിഷറീസ് റീയറിംഗ്) ശുദ്ധജലമത്സ്യങ്ങളുടെ മുട്ട വിരിഞ്ഞു പുറത്തേക്ക് വരുന്ന കുഞ്ഞുങ്ങളെ (സ്പോൺ) ഹാച്ചറികളിൽ നിന്നും കർഷകർ വാങ്ങി അവരുടെ

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly